# ജോർജ്ജിയൻ വോയ്സ്
GEORGIAN VOICE

ലക്കം 3 | ഒക്ടോബർ 2011 | പുസ്തകം 1




അനുഗ്രഹങ്ങളുടെ ഉറവിടം

യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
കരിങ്ങാച്ചിറ

# അന്ത്യോഖ്യാ മലങ്കര ബന്ധം നീണാൾ വാഴട്ടെ
# പരി. ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്ക് അഭിവാദ്യങ്ങൾ

ശ്രേഷ്ഠ കാതോലിക്കാ ബാവാ കോലഞ്ചേരിയിൽ നടത്തിയ പ്രാർത്ഥനാ യജ്ഞത്തിന് കരിങ്ങാച്ചിറ കത്തീഡ്രലിന്റെ അഭിവാദ്യങ്ങൾ അർപ്പിച്ചു കൊണ്ട് 24.09.2011–ന് ഞായറാഴ്ച രണ്ടാത്തെ വി. കുർബ്ബാനയ്ക്ക് ശേഷം വിശ്വാസികൾ ഐക്യദാർഢ്യറാലി നടത്തുകയുണ്ടായി. പരി. സഭയുടെ സമാധാനത്തിനുവേണ്ടി പരി. ബാവാ നടത്തുന്ന ശ്രമങ്ങൾക്ക് എക്കാലവും ഈ കത്തീഡ്രലിന്റെ ആത്മാർത്ഥമായ പിന്തുണയും സഹകരണവും ഉണ്ടാകുമെന്ന് ഉറപ്പിക്കുന്നതായിരുന്നു റാലി. അന്നേദിവസം നടത്തിയ യൂത്ത് അസോസിയേഷന്റെ പൊതുയോഗത്തിൽ പരി. ബാവയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് സെക്രട്ടറി പ്രമേയം അവതരിപ്പിക്കുക്കയുണ്ടായി. ഒപ്പം അന്ന് നടന്ന വിശ്വാസ പ്രഖ്യാപനറാലിയിലും 20 ദിവസങ്ങളിലായി നടന്ന പ്രാർത്ഥനായജ്ഞത്തിലും യൂത്ത് അസോസിയേഷൻ അംഗങ്ങൾ സംബന്ധിച്ചു. പ്രാർത്ഥനായജ്ഞത്തിന് കത്തീഡ്രൽ അരിയും പയറും നല്കുകയുണ്ടായി.

## നിങ്ങൾക്കും നല്ല ലേഖകരാകാം

വായനക്കാരിൽ നിന്ന് ബൈബിൾ ആസ്പദമാക്കിയുള്ള ലേഖനങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. ലേഖനവിഷയങ്ങൾ എല്ലാമാസവും ജോർജ്ജിയൻ വോയ്സിൽ പ്രസിദ്ധീകരിക്കുന്നതാണ്.

നവംബർ മാസത്തെ
ലേഖനവിഷയം
**“പ്രത്യാശ”**

NB: ചെറുകഥകളും ലേഖനങ്ങളും എല്ലാമാസവും 20–ാം തീയതിക്ക് മുൻപായി ജോർജ്ജിയൻ വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. വൈകി വരുന്ന ചെറുകഥകളോ, ലേഖനങ്ങളോ പരിഗണിക്കുന്നതല്ല.

ചീഫ് എഡിറ്റർ

## ചെറുകഥകൾ ക്ഷണിക്കുന്നു

15 വയസ്സിൽ താഴെ പ്രായമുള്ളവരിൽ നിന്ന് ബൈബിൾ ആസ്പദമാക്കിയുള്ള ചെറുകഥകൾ ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ചെറുകഥകൾ ജോർജ്ജിയൻ വോയ്സിൽ പ്രസിദ്ധീകരിക്കുന്നതാണ്.



**കളിയും ചിരിയും കൊഞ്ചലുമായി ബാല്യത്തിൽ നിന്നും ഓർമ്മയിലേക്ക് മാഞ്ഞുപോയ സാന്ദ്രമോൾക്ക് കരിങ്ങാച്ചിറ കത്തീഡ്രലിന്റെ ആദരാഞ്ജലികൾ**



# ജോർജ്ജിയൻ വോയ്സ്


**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമാൻ*

**റവ.ഫാ. റോയ്പോൾ**
**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**
**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*


**രൻജി പോൾ**
**യൽദോ ജോർജ്ജ്**

**മാത്യു പോൾ**


## ഒക്ടോബർ 2011

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- കുതിരയുടെ ആത്മത്യാഗവും, മനുഷ്യന്റെ നന്ദികേടും, കൃതഘ്നതയും രക്തപാതകവും
- വിശുദ്ധ സഭ - വിശുദ്ധ കൂദാശകൾ
- അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത
- കരിങ്ങാച്ചിറയും കരിങ്ങാശ്രയും
- വെളിച്ചത്തിന്റെ പടവുകൾ
- സ്വയം തടവറ തീർക്കുന്നവർ...
- ഹൃദയരാഗം
- വാർത്തകൾ
- ഇടവക കലണ്ടർ
- വിജ്ഞാനകൗതുകം



ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoices@gmail.com



# എഡിറ്റോറിയൽ

മനുഷ്യന്റെ ജീവിതം ചുരുങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ജീവിതം എങ്ങനെഅവസാനിപ്പിക്കണമെന്ന് നമ്മൾ തന്നെ തീരുമാനിച്ചിരിക്കുന്നു. അപകടങ്ങൾ, യുദ്ധങ്ങൾ എന്നിവ നമ്മുടെ അശ്രദ്ധ, വൈരാകിയ ബുദ്ധി എന്നിവയ്ക്ക് വഴി മാറുമ്പോൾ നമ്മുടെ ചുറ്റുപാടുകളെ പറ്റി നമ്മൾ ശ്രദ്ധിക്കാറില്ല എന്നത് സത്യമാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനിച്ചിരുന്ന മലയാളി രോഗങ്ങളുടെ സ്വന്തം നാട് എന്ന് ശപിക്കുന്ന അവസ്ഥയിലേക്ക് നാം തന്നെ മാറ്റിയിരിക്കുന്നു. ദേഹം, മനസ്സ് എന്നിവ ശുദ്ധിയുള്ളതാകണമെന്ന് നിഷ്കർഷിച്ചിരുന്ന കേരളീയർ ശുചിത്വം നിറഞ്ഞ ചുറ്റുപാടുകളെക്കുറിച്ച് ചിന്തിക്കാറില്ല. ദിവസം രണ്ടുനേരം കുളിച്ച് വൃത്തിയാക്കുന്ന നമ്മുടെ ശരീരത്തെക്കുറിച്ച് നാം ഏറെ ശ്രദ്ധാലുക്കളാണ്. എന്നാൽ ശുചിത്വമുള്ള ചുറ്റുപാടുകളെക്കുറിച്ച് പഠനക്ലാസ്സുകൾ, ശില്പശാലകൾ എന്നിവയിൽ ഒതുങ്ങുന്നു. നമ്മുടെ ഭവനങ്ങളിൽ ഉള്ള ഉപയോഗശൂന്യമായ വസ്തുക്കളും, ദൈനംദിനജീവിതത്തിൽ ഉണ്ടാകുന്ന ഭക്ഷണ അവശിഷ്ടങ്ങളും മറ്റും നമ്മുടെ മതിൽ കെട്ടിന് പുറത്ത് കളഞ്ഞാൽ നമ്മുടെ ചുറ്റുപാടുകൾ വൃത്തിയായി എന്നാണ് ധരിച്ചിരിക്കുന്നത്. നാം ഇതിനു ഒരുങ്ങുന്നതിന് കാരണം സഹജീവികളെ കുറിച്ച് ചിന്തിക്കാറില്ല എന്നതാണ്. വിദേശ രാജ്യങ്ങളിൽ ഉപയോഗശൂന്യമായ വസ്തുക്കൾ വലിച്ച് എറിഞ്ഞാൽ പ്രത്യേക ശിക്ഷ പോലും നടപ്പിലാക്കിയിരിക്കുന്നു. വേലി തന്നെ വിളവും തിന്നുന്ന നമ്മുടെ നാട്ടിൽ എന്തും നടക്കും എന്ന ചിന്താഗതിയാണ് നമുക്ക് ഇത് ചെയ്യുവാനുള്ള പ്രേരണ നല്കുന്നത്. നാം ഇനിയും വൈകിച്ചാൽ കൂടുതൽ രോഗങ്ങൾ കൂടുതൽ മരണങ്ങൾ എന്നിവ നാം ക്ഷണിച്ച് വരുത്തുന്നു. ചോര ഛർദ്ദിക്കുന്ന വായകൾ, വയറു വീർത്ത് ഉണങ്ങിയിരിക്കുന്ന മനുഷ്യ ജന്മങ്ങൾ നാം കാണണമോ. അത്.. ചിന്തിച്ചു നോക്കുക. മാറേണ്ടത് നമ്മുടെ മനസ്സാണ് മനസ്സ് വൃത്തിയായാൽ നമ്മുടെ ശരീരം മാത്രമല്ല ചുറ്റുപാടുകൾ കൂടിയാണ് വൃത്തിയാകുന്നത് എന്ന് നാം ഓർക്കണം. നമ്മുടെ പ്രവർത്തിയും ഒരുമയുള്ള മനസ്സുകളും ഒത്തു ചേർന്നാൽ നമ്മുടെ നാടിനെ നമുക്ക് രക്ഷിക്കുവാൻ സാധിക്കും. ജനിക്കുവാൻ പോകുന്ന പുത്തൻ തലമുറയ്ക്ക് നമുക്ക് നല്കുവാനുള്ള ഏറ്റവും അനുഗ്രഹീതമായ സമ്മാനമാണ്. ശുചിത്വമുള്ള നമ്മുടെ കേരളം അതിനുവേണ്ടി നമുക്ക് പ്രയത്നിക്കാം.

എല്ലാ വർഷത്തെപ്പോലെയും കുഞ്ഞുങ്ങളെ അപകടങ്ങളിൽ കുരുതി കൊടുക്കുക എന്നത് ഈ വർഷവും നാം പാലിച്ചു. ബോട്ട് അപകടവും, തോണി മറിഞ്ഞും, വാഹനഅപകടവുമായി അശ്രദ്ധവുമായി പഴയ കാലങ്ങളിൽ കുഞ്ഞുങ്ങൾക്ക് നാം അന്ത്യാജ്ഞലികൾ അർപ്പിച്ചു. ഈ വർഷവും അതുപോലെ കുഞ്ഞുങ്ങളെ നിറച്ച് വാൻ പരിചയ സമ്പന്നതയില്ലാത്ത ഡ്രൈവർ ഓടിച്ച് പുഴയിലേക്ക് മറിഞ്ഞ് കുഞ്ഞുങ്ങൾ നമ്മോടു വിടപറഞ്ഞു. ഒപ്പം നമ്മുടെ ഇടവകയിൽ നിന്ന് ഒരു കുഞ്ഞും അശ്രദ്ധയാൽ അപകടത്തിൽപ്പെട്ട് ദൈവസന്നിധിയിലേക്ക് യാത്ര പറഞ്ഞു. നാം കുഞ്ഞുങ്ങളെ ഓർക്കുവാൻ സ്മാരകങ്ങൾ പണിതും അവരുടെ മുഖങ്ങൾ ഭിത്തികളിൽ വെച്ചും ഓർക്കാറുണ്ട്. എന്നാൽ ഇത് ഇനി ഉണ്ടാകാതിരിക്കാൻ നാം എന്ത് ചെയ്യണം? നമ്മുടെ സമീപനങ്ങളിൽ കാതലായ മാറ്റം ഉണ്ടാകണം. നല്ല നിയമനിർമ്മാണങ്ങൾ, മുൻകരുതലുകൾ, കൃത്യമായ പ്രവൃത്തികൾ എന്നിവയിലൂടെ ശോഭനമായ ഒരു ഭാവി ജീവിതം നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്കുവാൻ നമുക്ക് സാധിക്കട്ടെ.



## ത്രിയേകദൈവത്തിന് സ്തുതി

# കുതിരയുടെ ആത്മത്യാഗവും, മനുഷ്യന്റെ നന്ദികേടും, കൃതഘ്നതയും രക്തപാതകവും

ഫിനഹാസ് റമ്പാൻ ദയറായോ നാസിഹോ (വിശിഷ്ടനായ സന്യാസി)

“എന്നാൽ ഇപ്പോൾ നീ മൃഗങ്ങളോട് ചോദിക്ക, അവനിന്നെ പഠിപ്പിക്കും” ഇയ്യോബ് 12:07

അറബികൾ പൊതുവെ യിഷ്മായേൽ സന്താനങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. യിശ്മായേൽ ഗർഭസ്ഥ ശിശുവായിരിക്കെത്തന്നെ, പരിശുദ്ധ മാലാഖാ അവന്റെ അമ്മ ഹാഗാറിനോട് അവൻ വഴക്കാളിയായിരിക്കുമെന്ന് അറിയിച്ചു. (ഉല്പത്തി 16:11-12). അറബികൾ തമ്മിലുള്ള വഴക്കും കൂട്ടക്കൊലയും ഒരു നിത്യസംഭവമാണ്. ഇനി ഒരു സംഭവം പറയാം. Arab and his horse (അറബിയും അവന്റെ കുതിരയും) എന്ന പാഠത്തിൽ 1940-45 കാലങ്ങളിൽ അന്നത്തെ Cochin State English പാഠപുസ്തകത്തിൽ First Form ൽ (ഇന്നത്തെ 5-ാം ക്ലാസിൽ) പഠിപ്പിച്ചിരുന്ന ഒരു സംഭവ കഥയാണിത്. കുറേ അറബികൾ യാത്രപോകവെ, അവരുടെ ഒരു ശത്രു ഏകനായി കുതിരപ്പുറത്ത് പോകുന്നതു കണ്ടു. അവർ അവനെപിടിപ്പു വരിഞ്ഞുകെട്ടി, അവരുടെ കൂടാരത്തിലേക്ക് കൊണ്ടുപോയി. കുതിരയേയും അവർ കൈവശപ്പെടുത്തി. രാത്രിയായതുകൊണ്ടും ക്ഷീണത്താലും അവർ എല്ലാവരും വേഗം ഗാഢനിദ്രയിൽ ലയിച്ചു. കുതിരയെ അവർ മറവിയിലോ മറ്റോ ബന്ധിച്ചിരുന്നില്ല. അവർ ഏവരും ഗാഢനിദ്രയിലായിരിക്കെ, കുതിര കൂടാരത്തിനുള്ളിൽ പ്രവേശിച്ച് തന്റെ യജമാനനെകെട്ടിവരിഞ്ഞിരുന്ന ബെൽട്ടിൽ കടിച്ച് പിടിച്ച് തന്റെ യജമാനന്റെ ദൂരെയുള്ള കൂടാരത്തിലേക്ക്, അതിന്റെ സർവ്വശക്തിയും സംഭരിച്ച് ഓടി. കൂടാരത്തിൽ തന്റെ യജമാനനെസുരക്ഷിതമായി വെച്ചു. ആ മൃഗം തന്റെ അന്ത്യശ്വാസവും വലിച്ചു. തന്റെ യജമാനനുവേണ്ടി ആത്മബലിയായി ജീവൻ വെടിഞ്ഞു.

### മനുഷ്യന്റെ കൃതഘ്നത

ഇതിന് ബദൽ ആയി മനുഷ്യന്റെ ഘോരകൃത്യവും പറയാം. ഇന്ത്യയിൽ Thugs (തഗ്ഗികൾ) എന്ന ഘോരകൊലപാതക സംഘങ്ങൾ ഉണ്ടായിരുന്നു. അക്കാലത്ത് യഥാർത്ഥ യാത്രക്കാർ അധികവും നടന്നാണ് പോയിരുന്നത്. തഗ്ഗികൾ യഥാർത്ഥ യാത്രക്കാരുടെ കൂടെ അവരും യാത്രക്കാരാണെന്ന് നടിച്ച് യാത്രപോകും. രാത്രിയിൽ ഏതെങ്കിലും വിജനസ്ഥലത്ത് എത്തുമ്പോൾ അവരുടെ നായകൻ ഒരടയാളം കൊടുക്കും. സാധാരണ “ജയ് കാളി” എന്ന ദുഷ്ടപിശാചിനെവിളിക്കുന്നതാണ് ഈ അടയാളം. അന്നേരം അവനും അവന്റെ കൂട്ടാളികളും യഥാർത്ഥ യാത്രക്കാരുടെ പിന്നിൽ ടർക്കിത്തൂവാലയുമായി നില്ക്കുകയായിരിക്കും. നായകന്റെ അടയാളം കിട്ടുന്ന നിമിഷം അവർ എല്ലാവരും യഥാർത്ഥ യാത്രക്കാരുടെ കഴുത്തിൽ തൂവാലകുരുക്കി അവരെ ശ്വാസം മുട്ടിച്ച് കൊല്ലുകയും യാത്രക്കാരുടെ സർവ്വസ്വവും കൈക്കലാക്കി കടന്നുകളയുകയും ചെയ്യും.

ഇംഗ്ലണ്ടിൽ നിന്നും വില്യം ബെൻടിക് ഗവർണ്ണർ ജനറലായി വന്നപ്പോൾ ഇവരെ പിടികൂടി അനേകരെ തൂക്കിലിടുകയും, ചിലരെ മാപ്പുസാക്ഷികളാക്കി ശേഷമുള്ളവരെ പിടികൂടാൻ പ്രയോജനപ്പെടുത്തുകയും ചെയ്തു.

മെഡൊസ് ടെയ്‌ലർ എന്ന ഉയർന്ന പോലീസധികാരി ഇവരിൽ മാപ്പുസാക്ഷിയായി തടവിൽ പാർപ്പിച്ചിരുന്ന അമീർ ആലി എന്ന തഗ്ഗിയോട് അവന്റെ ജീവിത പശ്ചാത്തലങ്ങൾ ശൈശവം മുതൽ വിവരിക്കുവാൻ പറഞ്ഞു.

Confession of a Thug ഒരു തഗ്ഗിയുടെ ആത്മകഥ എന്ന ശീർഷകത്തിൽ മെഡൊസ് ടെയ്‌ലർ പിന്നീട് അത് പ്രസിദ്ധീകരിച്ചു. അതിൽ ഒരു ഭാഗത്ത് ഇങ്ങിനെഎഴുതിയിരിക്കുന്നു. അമീർ ആലിയെ തഗ്ഗിയായി മനസ്സിലാക്കിയ നാട്ടുരാജാവ് അവന്റെ വളർത്തപ്പനെആനയെക്കൊണ്ട് ചവിട്ടി കൊല്ലിക്കുകയും അമീർ ആലിയുടെ നെറ്റിയിൽ ചട്ടുകം പഴുപ്പിച്ചുവച്ച്, മേലാൽ രാജ്യാതിർത്തിയിൽ കണ്ടുപോകരുത് എന്ന് കല്പിച്ച് രാജ്യത്തിൽ നിന്നും ഓടിച്ചുകളയുകയും ചെയ്തു. ചട്ടകം വെച്ച് പൊള്ളിച്ച നെറ്റി ആരും കാണാതിരിക്കുവാൻ അവൻ തലക്കെട്ട്കൊണ്ട് അതു മറച്ച് എങ്ങോട്ടെന്നില്ലാതെ യാത്ര ചെയ്തു. വളരെ ക്ഷീണമായപ്പോൾ വഴിയരികിലുള്ള ഒരു മരത്തണലിൽ കിടന്നുറങ്ങി. കുറേക്കഴിഞ്ഞ് സമസൃഷ്ടി സ്നേഹിയായ ഒരു മനുഷ്യൻ അതിലെ വന്നു. ഈ തഗ്ഗിയുടെ അടുക്കൽച്ചെന്ന്

ശേഷം 8-ാം പേജിൽ

# വിശുദ്ധ സഭ - വിശുദ്ധ കൂദാശകൾ

മലങ്കര മല്പാൻ കോറൂസോ ദശ്റോറോ സോഫാർ
ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ, കണിയാംപറമ്പിൽ

സുദീർഘമായി എഴുതേണ്ട സുപ്രധാനവിശ്വാസ സത്യങ്ങൾ ഉൾക്കൊള്ളുന്ന ഈ വിഷയം സംക്ഷിപ്തമായി അവതരിപ്പിക്കുകയാണ്.

1. മനുഷ്യാവതാരം എന്തിന്?

a. യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നു. (1 തീമോ 1:15)

b. ആദാമിൽ നഷ്ടപ്പെട്ട ദൈവസാദൃശ്യം വീണ്ടെടുത്ത് തരുവാൻ ദൈവം മനുഷ്യനായി "വി. ഐറേണിയാസ്"

c. "അവനോടു തുല്യർ നാം ആകാൻ നമ്മുടെ തുല്യം അവനായി" സ്രൂഗിലെ വി. യാക്കോബ്.

d. "മനുഷ്യനെദൈവമാക്കാൻ - ദൈവം മനുഷ്യനായി" വി. ഗ്രീഗോറിയോസ് തേവോലോഗോസ്.

2. സഭ എന്താണ്?

1. സഭ മനുഷ്യാവതാരത്തിന്റെ പിൻതുടർച്ചയാണ്. (Extention of the incarnation) അതായത് ലോകാവസാനം വരെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കാനുള്ള ഏക സ്ഥാപനം.

2. ഞാൻ എന്റെ സഭയെ പണിയും (മത്തായി 16:16) ആകയാൽ കർത്താവിനാൽ സ്ഥാപിതം. അത് ഒന്നു (ഏകം) മാത്രമാണ് പല സഭകൾ ഇല്ല.

3. അതിന്റെ ഭരണം കർത്താവ് വിശുദ്ധ പത്രോസിനെഭാരമേൽപ്പിച്ചു. (മത്തായി 16, 17; യോഹന്നാൻ 21)

4. സഭ സത്യത്തിന്റെ തൂണും, അടിസ്ഥാനവും, ദൈവത്തിന്റേതു മാത്രവും ദൈവാലയവും (1 തീമോ 3:15)

5. ക്രിസ്തുവിന്റെ ശരീരം (പല ശരീരങ്ങൾ ഇല്ല) (എഫേ. 1:23, കൊലോ 1:24)

6. ക്രിസ്തുവിന്റെ മണവാട്ടി (പല മണവാട്ടികൾ ഇല്ല) (വെളി. 21:9)

7. ക്രിസ്തുവിന്റെ കാന്ത (പല കാന്തകൾ ഇല്ല) (വെളി 19:7)

8. ക്രിസ്തു അതിന്റെ "മൂലക്കല്ലും" "ശിരസ്സും" (1 കോരി. 3:11, എഫേ. 2:20, 1 പത്രോ. 2:4, 6, എഫേ. 1:22)

9. ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടത്. (അ.പ്ര. 20:28)

10. ദൈവത്തിന്റെ ആട്ടിൻകൂട്ടം (1 പത്രോ 5:2)

11. ശുശ്രൂഷകർ സഭയെ മേയിപ്പാൻ നിയുക്തർ. (അ.പ്ര. 20:28)

3. "സഭകൾ" എന്ന് (അപ്പോ. പ്രവ.) കാണുന്നവ ഏക സഭയുടെ ഘടകങ്ങൾ. കോരിന്തിലെ സഭ (1 കോ. 1:2) ഗലാത്യയിലെ (ഗലാ 1:2) ആസ്യായിലെ (വെളി 1:4)

4. കർത്താവിന്റെ കാലത്ത് ഇല്ലാത്തവയും കാലക്രമത്തിൽ ഉണ്ടായവയുമായ സഭകൾ.

| പേര് | വർഷം | സ്ഥാപകൻ |
|---|---|---|
| പ്രൊട്ടസ്റ്റന്റ് | 1524 | മാർട്ടിൻ ലൂതർ |
| പ്രസ്ബിറ്റീറിയൻ | 1560 | ജോൺ നോക്സ് |
| ബാപ്പറ്റിസ്റ്റ് | 1600 | ജോൺ സ്മിത്ത് |
| കോൺഗ്രിനേഷണൽ | 1600 | റോബർട്ട് ബ്രൗൺ |
| ക്വെയികോഴ്സ് | 1647 | ജോർജ്ജ് ഷോക്സ് |
| മെത്തൊഡിസ്റ്റ് | 1739 | ജോൺ വെസ്‌ലി |
| ബ്രദറൺ | 1800 | |
| ക്രിസ്തു ശിഷ്യർ | 1827 | |
| രക്ഷാസൈന്യം | 1865 | വില്യം ബൂത്ത് |
| ക്രിസ്ത്യൻ സയൻസ് | 1879 | മേരി ബേക്കർ എഡി |
| ശാബത് | 1844 | വില്യം മില്ലർ |
| പെന്തക്കൊസ്ത് | 1884 | ജി. സ്പെർലിംഗ് |
| ദൈവസഭ | 1884 | ഡാനിയേൽ വേർണർ |
| യഹോവാ സാക്ഷികൾ | 1900 | സി.റ്റി. റസൽ |

(Pears Dictionary)

ഞാൻ എന്റെ സഭയെ പണിയും. (മത്താ 16:16) എന്നു കർത്താവ് പറഞ്ഞ സഭയും മുൻ പറഞ്ഞവയുമായുള്ള ബന്ധം പ്രത്യേകം പറയേണ്ടതില്ലല്ലോ.

5. "കർത്താവ് സ്ഥാപിച്ച സഭയോട്" രക്ഷിക്കപ്പെടുന്നവരെ അഥവാ രക്ഷിക്കപ്പെടേണ്ടവരെ (Such as should be saved K.J. Version) ചേർത്തു വന്നു (അ.പ്ര. 2:42)

6. "അപ്പോസ്തോല പ്രവൃത്തികൾ" ഈ കർത്താവിന്റെ സഭയുടെ ആദ്യകാല ചരിത്രമത്രെ.

7. കർത്താവിന്റെ സഭയ്ക്ക് ആരംഭം മുതൽ തന്നെ പീഢകൾ സഹിക്കേണ്ടി വന്നു. 4 പീഢകൾ യഹൂദന്മാരിൽ നിന്ന്:

1. ശ്ലീഹന്മാരെ തടവിലാക്കി.
2. സ്തേപ്പാനോസിനെകല്ലെറിഞ്ഞു കൊന്നു.
3. സെബദി പുത്രനായ യാക്കോബ് വധിതനായി.
4. വി. പത്രോസ് തടവിലായി

# അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത



കൂത്താട്ടുകുളം ദേശത്ത് പച്ചിലക്കാട്ട് പി.ഐ. തോമസ് സാറാമ്മ ദമ്പതികളുടെ പുത്രനായി 1967 ജൂൺ മാസം 17-ാം തീയതി അഭിവന്ദ്യ പിതാവ് ഭൂജാതനായി. കൂത്താട്ടുകുളം സെന്റ് സ്റ്റീഫൻ യാക്കോബായ സുറിയാനി പള്ളി ഇടവകാംഗമാണ്. 1993 മെയ് മാസം 13-ാം തീയതി കൊച്ചി ഭദ്രാസനത്തിലെ കാലം ചെയ്ത ഡോ. തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കൃംതാ സെമിനാരിയിൽ വച്ച് ശെമ്മാശപ്പട്ടം സ്വീകരിച്ചു. 2005 നവംബർ മാസം 12-ാം തീയതി യാക്കോബായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഡമാസ്ക്കസിലെ മാർ ഏലിയാ കത്തീഡ്രലിൽ വച്ച് റവ. ഫാ. സജി പി. തോമസ് എന്ന പേരിൽ വൈദീക പട്ടം നൽകി. വൈദിക പട്ടം ലഭിച്ചതിന് ശേഷം ആദ്യമായി വികാരിയായി സേവനം അനുഷ്ഠിച്ചത് ചരിത്രപ്രസിദ്ധിമായ ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രമായ കരിങ്ങാച്ചിറ കത്തീഡ്രലിൽ വച്ചാണ് 2010 ജനുവരി 3-ാം തീയതി കൊച്ചി ഭദ്രാസന ആസ്ഥാനമായ കൃംതാ സെമിനാരിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് ബാവ തിരുമനസ്സുകൊണ്ട് റമ്പാൻ സ്ഥാനം നൽകി. 2010 ജനുവരി മാസം 4-ാം തീയതി പുത്തൻകുരിശ് പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ബാവാ തിരുമനസ്സുകൊണ്ട് ഐസക്ക് മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. അഭിവന്ദ്യ പിതാവ് ഇപ്പോൾ മൈലാപ്പൂർ, ഡൽഹി എന്നീ ഭദ്രാസനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു. (ഏറെക്കാലം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.)

---

യാക്കോബായ സുറിയാനി സഭയിലെ ശ്രേഷ്ഠ പിതാക്കന്മാരെക്കുറിച്ചുള്ള ലഘുവിവരണത്തിൽ അടുത്ത ലക്കത്തിൽ ഗീവർഗീസ് മോർ ബർണ്ണാബാസ് മെത്രാപ്പോലീത്തയെക്കുറിച്ചുള്ള ലഘുവിവരണം പ്രസിദ്ധീകരിക്കുന്നതാണ്.

ചീഫ് എഡിറ്റർ

നിങ്ങൾക്കറിയാമോ?

# കരിങ്ങാച്ചിറയും കരിങ്ങാശ്രയും

പൗലോസ് മൂക്കനോട്ടിൽ

കരിങ്ങാലികൊണ്ട് ചിറയുണ്ടായിരുന്നതിനാൽ കരിങ്ങാലി ചിറ എന്ന നാമം ഉണ്ടായി എന്നും അത് ലോപിച്ച് കരിങ്ങാച്ചിറ എന്ന നാമം ഉണ്ടായി എന്നുമാണ് നമ്മുടെ സ്ഥലനാമ പുരാണം.

എന്നാൽ കരിങ്ങാച്ചിറ പള്ളിയെ സംബന്ധിക്കുന്ന പുരാതനരേഖകളിൽ 'കരിങ്ങാശ്ര' എന്നാണ് കാണുന്നത്. സഭാപിതാക്കന്മാരുടെ കല്പനകളിലും ഉദയംപേരൂർ സുന്നഹദോസ് തുടങ്ങിയ രേഖകളിലും സ്ഥലനാമം 'കരിങ്ങാശ്ര' എന്നുതന്നെ.

സുറിയാനി ഭാഷയിലായിരുന്നു അക്കാലത്തെ എഴുത്തുകുത്തുകൾ. സുറിയാനി ഭാഷയിൽ 'ച' എന്ന് ഉച്ചരിക്കാനുള്ള അക്ഷരം ഇല്ല. അതിന് പകരം 'ശ' എന്ന് ശബ്ദം വരുന്ന 'ശീൻ' എന്ന അക്ഷരമാണുള്ളത്. അങ്ങിനെ സുറിയാനിയിൽ എഴുതുമ്പോൾ 'കരിങ്ങാശ്ര' ആയി.

ചെറായി പള്ളി ശ്രായിപള്ളിയും

# വെളിച്ചത്തിന്റെ പടവുകൾ

മെറിൻ വർഗീസ്,പാറയ്ക്കൽ

വായിച്ചീടാം നമ്മുക്കറിവിന്നായി

വായിക്കുമ്പോൾ നാം കതിരായിടുന്നു

പതിരായ അജ്ഞതയെ വായിക്കുവാൻ

നമ്മുക്കെന്നും അറിവിന്റെ ആത്മാവിനെതേടിടാം

അറിവിന്റെ അഗ്നിനാളങ്ങൾ പെയ്യുമീ

അക്ഷരക്കൂട്ടിന്റെ നൈർമല്യത്താൽ

അറിവിന്റെ പടിപ്പുരകൾ തുറന്നു

വായനതൻ അമൃതം നുകർന്നീടാം

അറിവിനായി ദാഹിക്കുന്ന മർത്യാ-

നിന്റെ ഹൃദയതന്ത്രികളിൽ

നിന്നുയരുന്ന മധുരസംഗീതമായിടുന്നീ

വായനതൻ അത്ഭുത ലോകം

5-ാം പേജിൽ നിന്നും തുടർച്ച

അവനെകുലുക്കി വിളിച്ച് ഉണർത്തി. അവൻ എഴുന്നേറ്റപ്പോൾ നമുക്ക് ഭക്ഷണം കഴിക്കാം എന്നുപറഞ്ഞ് വലിയ ഒരു പൊതി ഭക്ഷണം എടുത്ത് ഇരുവരും വിശപ്പ് മാറെ ഭക്ഷിച്ചു. അടുത്തുതന്നെ മതിൽ കെട്ടാത്ത ഒരു കിണർ ഉണ്ടായിരുന്നു. ഈ നല്ല മനുഷ്യൻ കിണറ്റിൽ തൊട്ടിയിറക്കി വെള്ളം കോരുമ്പോൾ പിന്നിൽ നിന്നും തഗ്ഗി അവനെതള്ളി അഗാധമായ കിണറ്റിൽ ഇട്ടു. അവന്റെ വസ്തുവകകളും മറ്റും കൈക്കലാക്കി കടന്നു കളഞ്ഞു! മനുഷ്യന്റെ പ്രത്യുപകാരം.

ഈ അമീർ ആലി വീണ്ടും പിടിക്കപ്പെട്ടു. മറ്റു തഗ്ഗികളെ പിടികൂടാൻ അവനെമാപ്പ് സാക്ഷിയാക്കി. അങ്ങിനെ അവൻ അവന്റെ ജീവിത പശ്ചാത്തലങ്ങൾ ഒക്കെയും വിവരിക്കുന്ന അവസരത്തിൽ പറഞ്ഞുകേൾപ്പിച്ച സംഭവമാണിത്.

വെളിപാട് പുസ്തകത്തിൽ ഇപ്രകാരം ആവർത്തിച്ച് പറയുന്നു. (2:23, 22:12 etc) ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം ഞാൻ പകരം കൊടുക്കും. ഇന്ന് ലോകമെല്ലാം ഉദരസ്ഥശിശുക്കളെ നിഷ്ക്കരുണം വധിച്ച് "സന്തുഷ്ടഭവനം" പണിയുന്ന തത്രപ്പാടിലാണ്. പണിതത് തന്നെ! കർത്താവ് തരുന്ന അവകാശം-പ്രതിഫലം-മക്കൾ ആകുന്നു! (വി. സങ്കീ 127:3). ഈ സന്തുഷ്ട ഭവനങ്ങളെ സൃഷ്ടാവായ ദൈവം യഥാസമയം കൈകാര്യം ചെയ്തുകൊള്ളും.

"ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്ക് തിരിയും" (വി. സങ്കീർത്തനം 9:17)

ത്രിയേകദൈവത്തിന് സ്തോത്രം



# സ്വയം തടവറ തീർക്കുന്നവർ...




5

ഡോ. സിവി വി. പുലയത്ത് MDS.
കക്കാട് ✆ 9895677477



"അതേ...അതേ ഉത്തരം ശരിയാണ്. പറക്കുന്ന സസ്തനി മുലയൂട്ടുന്ന പക്ഷി. കണ്ണിനു പകരം കാന്തിക തരംഗങ്ങൾ കൊണ്ട് രാത്രി ദിശ മനസ്സിലാക്കുന്ന ജീവി, പകൽ ഉയരങ്ങളിൽ തലകുത്തി തൂങ്ങികിടന്നുറക്കം, പഴങ്ങളും തേനും കഴിച്ച് വളക്കൂറുള്ള വിസർജ്ജ്യം സൃഷ്ടിക്കുന്നവൻ, ഫ്രൈ ചെയ്തു ശാപ്പിട്ടാൽ ആസ്ത്മക്കുപോലും ഫലപ്രദമെന്നു പേരുകേട്ട കുഞ്ഞൻ. അതേ അതുതന്നെ വവ്വാൽ. സുധാകരൻ മാഷ് ഗീതപഠനക്ലാസ്സിൽ ചെറിയൊരു പ്രശ്നോത്തരി നടത്തുകയായിരുന്നു.

"ഞങ്ങള് വാവൽ എന്നാ പറയ്ക. ക്രിക്കറ്റ് ബാറ്റിന്റെ അതേ സ്പെല്ലിംഗല്ലേ മാഷേ ഇംഗ്ലീഷിൽ – BAT?" കുഞ്ഞുണ്ണി ചോദിച്ചു.

"അതേയതേ... നിങ്ങൾ ഈ ജീവിയെ അടുത്തു കണ്ടിട്ടുണ്ടോ?"

"ഉവ്വ്...ഉവ്വ്...യ്യോ. പേടിയാകും ആ മുഖവും, പല്ലും എല്ലാം കൂടി. മൈ ഡിയർ കുട്ടിച്ചാത്തൻ കണ്ടതിൽ പിന്നെ എനിക്കതിനോടുള്ള ദേഷ്യം കൂടി." കാഞ്ചനമൊഴിഞ്ഞു.

"വീട്ടിനകത്തോ മറ്റോ അബദ്ധവശാൽ കുടുങ്ങി. നിലത്തു വീണ വവ്വാലിനെകണ്ടിട്ടുണ്ടോ? പറക്കാൻ വയ്യാത്തപോലെ കൈകാലിട്ടടിക്കും."

മാഷിന്റെ ചോദ്യം കേട്ടതും പലരും തങ്ങൾ ചോദിക്കാനിരുന്ന സംശയമാണിതെന്ന അവകാശവാദവുമായി രംഗത്തെത്തി.

"ശ്ശ്യോ... ഞാനിതു പലവട്ടം ആലോചിച്ചിട്ടുണ്ട്. നീണ്ട ചിറകു വിടർത്തി (ചാട്ടുളി പോലെ) പറന്നുപോകുന്നഇ ൗക ക്ഷിന ലിത്തുവ ീണാൽപ ിന്നെ കൊച്ചു കുട്ടികളെ പോലെയാ...!"

കൂട്ടത്തിൽ മുതിർന്നവനായ രാമാനുജൻ തുടർന്നു. "അതെന്താ മാഷേ നിലത്തുവീണാൽ പിന്നെ ഇതു സ്വയം പറക്കാൻ വിഷമിക്കുന്നത്?"

"പരന്ന പ്രതലത്തിൽ നിന്നും സ്വയം ഉയർന്നു പൊങ്ങി പറക്കാനുള്ള കഴിവ് വവ്വാലിനില്ല. ഒരല്പം പൊങ്ങിയ സ്ഥലത്തേക്ക് ചിറകിട്ടടിച്ച് ഇഴഞ്ഞെത്തിയാൽ അവിടെ നിന്നും വായുവിലേക്കു സ്വയം വലിച്ചെറിയുന്നതിലൂടെയാണ് വവ്വാൽ പറന്നു പൊങ്ങുന്നത്". സുധാകരൻ മാഷ് വിശദീകരിച്ചു.

"പ്രാപിടിയൻ എന്നറിയപ്പെടുന്ന വെള്ളപ്പരുന്തിനും ഇതേപോലൊരു കുഴപ്പമുണ്ട്. പത്തുപന്ത്രണ്ടടി ഓടിയിട്ടേ അതിനു പറക്കാനാകൂ. തുറന്ന മേൽക്കൂരയുള്ള കൂട്ടിലിട്ടാലും ഓടാൻ സ്ഥലമില്ലാത്തതിനാൽ പ്രാപ്പീടിയൻ സ്വയം തീർത്ത തടവറയിൽ രക്ഷപ്പെടാൻ ഒരിക്കലും ശ്രമിക്കാതെ ആയുഷ്ക്കാലം കഴിയും."

മാഷ് തന്റെ ഭഗവത്ഗീത സന്ദേശത്തിലേക്കു കുട്ടികളുടെ ശ്രദ്ധയെ സാവധാനം കൂട്ടിക്കൊണ്ടുപോവുകയായിരുന്നു.

"മനുഷ്യരും ഇതേപോലെയല്ലേ എന്നു ചിന്തിച്ചു നോക്കൂ. പ്രശ്നങ്ങളിൽ പെട്ടുഴലുമ്പോൾ ദുഃഖിച്ചും, ശപിച്ചും, സ്വാർത്ഥതത്പരരുടെ കെണികളിൽ പെട്ടു വഴിതെറ്റിയും നാം കൈകാലിട്ടടിക്കുന്നില്ലേ ആ വവ്വാലിനെപോലെ?"

കുട്ടികൾ ആശയം ഗ്രഹിക്കുന്നതിന്റെ സൂചനയായി വിടർന്ന കണ്ണുകളോടെ മാഷിനെനോക്കി തലയാട്ടി.

ദുഃഖത്തോടെ ഭൂതകാലത്തേക്കു നോക്കുന്നവരും, പ്രശ്നങ്ങളിൽപെട്ട് കൈത്താങ്ങിനായി ചുറ്റും നോക്കുന്നവരും മറക്കുന്ന ഒരു കാര്യമുണ്ട്. രക്ഷപെടാനുള്ള മാർഗ്ഗം മുകളിലാണ്. പ്രാപിടിയൻ ഒരിക്കലെങ്കിലും അതു തിരിച്ചറിഞ്ഞെങ്കിൽ സ്വയം തീർത്ത തടവറയിൽ സ്വയം ഉരുകിതീരില്ലായിരുന്നു. നമുക്കും പ്രശ്നങ്ങൾ വരുമ്പോൾ മുകളിലേക്കു നോക്കാം. സർവ്വേശ്വരൻ രക്ഷിക്കട്ടെ.

ക്ഷേത്രമണികളുടെ മുഴക്കത്തിനും മീതെ ഒരു ആത്മീക ചൈതന്യം അവരുടെമേൽ പറന്നിറങ്ങി.

# ഹൃദയരാഗം

സങ്കീർത്തനം 4:7)

സാബു, മതിലോട്ട്
വരിക്കോലി

ഏദനിലെ സകലതും തിൻമാനുള്ള അവകാശം
കലത്തിലെ മാവുതീരാതെയും
തുരുത്തിയിലെ എണ്ണവറ്റാതെയും
കാത്തിരിക്കാനുള്ള സ്വാതന്ത്ര്യം
കെരീത്ത് തോടിനരികിൽ
ഒളിയിടത്തിൽ സകല ഭക്ഷണത്തിനും
വെറിപടിക്കുന്ന കാക്കയെ
വിതരണക്കാരനാക്കുന്ന നിർമമത്വം
ബാലന്റെ കുഞ്ഞു കൈപിടിയിലെ
അപ്പത്തെ ഗുണചിഹ്നങ്ങൾ കൊണ്ട്
പെരുപ്പിക്കുന്ന സമഗണിത പ്രോഗ്രഷന്റെ
ആദ്യാടയാളത്തിലൊളിച്ചുവച്ച ദയാപരത
നീ ധാന്യത്തിന്റെ സമൃദ്ധിയിലേക്കെന്നെ
നിർഭയനായി ക്ഷണിച്ച പാതകൾ
ഞാൻ തിരിഞ്ഞു നിന്നു നോക്കുമ്പോൾ
എന്റെ സന്തോഷം കടലോളം വ്യാപൃതമാകുന്നു
പരിഹാസിയാകാൻ നീ വീഞ്ഞുരുചിക്കായൂ
എന്നെന്നെ നീ പഠിപ്പിക്കുമ്പോൾ
നിന്നിലുള്ള ഭക്തി എനിക്ക് ജ്ഞാനമാകുന്നു
നിന്റെ പഠനാന്തർ ഭാഗങ്ങളിൽ ഊളിയിടാൻ
അല്പവീഞ്ഞ് എന്റെ ബുദ്ധിയെ തെളിക്കുമെന്നും
എന്റെ അജീർണത്തിന് നിന്റെ വീഞ്ഞെന്നും
നിൻ മൊഴിയേറുമ്പോൾ ഉള്ളുനിറഞ്ഞ്
തുളുമ്പുന്നത് നേരിലറിയുന്നു ഞാൻ
തീർന്നുപോകാത്ത വീഞ്ഞിനായ്
ചോർന്നുപോകാത്ത വീര്യത്തിനായ്
നീ പറയും മൊഴികൾക്കനുസൃത പാരിയാവുകയേ
നിവൃത്തിയെന്നറിയുമ്പോൾ
മകനേഅവരുടെ വീഞ്ഞുതീർന്നെന്നുള്ളൊരാ
ശുപാർശക്കത്തിനായിട്ടൊരു
വാതിൽപടി ചാരി നില്പൂ ഞാൻ
പാതയോരത്തു മുറിവുമായ് കിടക്കുമ്പോൾ
വീഞ്ഞു പുരട്ടാനൊരന്യനെന്നെ
തിരഞ്ഞുവരുന്നതിന്റെ യാതനമറിയുന്നു
ഞാനെന്റെ ശരീരത്തിൽ
നിന്റെ ജ്ഞാനം എനിക്ക് വീഞ്ഞാകുന്നു
പരിമള തൈലം കൊണ്ട് നിന്നിൽ
വർഷിച്ചവർ അശുദ്ധയെന്നു
ജനസാമാന്യം പറയുമ്പോൾ
നീ ചുംബിക്കുന്നത് കുഷ്ഠബാധിതന്റെ
നെറ്റിത്തടത്തിലാണല്ലോ
ഞങ്ങൾക്ക് തീർന്നൊരെണ്ണ
നിങ്ങൾ പകുത്തു തരികയെന്ന്
ഞാൻ വ്യസനിക്കുമ്പോൾ
എണ്ണയില്ലാതെ കരിന്തിരികത്തിയ
വിളക്കിൻ മുന്നിൽ നിന്റെ വാതിൽ
അടഞ്ഞുപോകുന്നതും ഞാനറിയുന്നു
ചക്കിലാടിയ കുഞ്ഞുവിത്തുകൾ
നെഞ്ചുപിളർന്നു നല്കുന്ന എണ്ണയും
മൃദുവായൊരാ പഴങ്ങൾ കരഞ്ഞുവീർത്തു
പുറത്തുവിടുന്നൊരാവീഞ്ഞും
എന്റെ സഹനത്തിന്റെ
മുറിവിന്നൗഷധങ്ങളാകുന്നു
ഞാനീ നെല്ലരിയില്ലാതെ
അട ചുടാൻ എണ്ണയില്ലാതെ
അജീർണ്ണത്തിനല്ല വീഞ്ഞില്ലാതെ
ഉന്മിഷത്തായി വസിക്കുമെക്കാലവും

## വാർത്തകൾ

## പരി. പരുമല തിരുമേനിയുടെ ഓർമ്മ

കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ പരി. പരുമലതിരുമേനി യുടെ ഓർമ്മപ്പെരുന്നാൾ 2010 നവംബർ 1, 2 തീയ തികളിൽ നടത്തപ്പെടുന്നു. രണ്ടാം തീയതി 8 മണിക്ക് വി. മൂന്നിന്മേൽ കുർബ്ബാന, വി. കുർബ്ബാ നയെ തുടർന്ന് തിരുമേനിയുടെ തിരുശേഷിപ്പ് വണങ്ങുന്നതിന് വിശ്വാസികൾക്ക് സൗകര്യമൊരു ക്കുന്നതായിരിക്കും.
പെരുന്നാൾ ഷെയർ 251 രൂപ

## ഡോക്ടറേറ്റ് ലഭിച്ചു



കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കെമിസ്ട്രിയിൽ ഡോക്ട റേറ്റ് ലഭിച്ച സിന്ദു ഐസക് മുരിയ മംഗലം മോളത്തുപറമ്പിൽ എം. ജെ. ഐസക്കിന്റേയും റിട്ടയേർഡ് സീനിയർ ഡെപ്യൂട്ടി കളക്ടർ സി. കെ. ഏലിയാമ്മയുടേയും മകളാ ണ്. മാമല-മുരിയമംഗലം മോർ സേവേറിയോസ് കുടുംബയൂണിറ്റംഗമാണ്. ഇടവ കയുടെ അഭിനന്ദനങ്ങൾ

## ഓണാഘോഷം

മോർ കൂറിലോസ് കുടുംബയൂണിറ്റിന്റെ ആഭിമുഖ്യ ത്തിൽ സെപ്റ്റംബർ 3-ന് കത്തീഡ്രലിലെ മോർ ഗ്രീഗോറിയോസ് ഹാളിൽ വച്ച് ഷമ്മിജോണച്ചന്റെ അദ്ധ്യക്ഷതയിൽ വിവിധ കലാപരിപാടികളോടെ ഓണാഘോഷം നടത്തി. വിഭവ സമൃദ്ധമായ സദ്യയും ഉണ്ടായിരുന്നു.

## വാർഷികം ആഘോഷിച്ചു

കരിങ്ങാച്ചിറ കത്തീഡ്രൽ "ബെത്സൈയ്ദാ" കുടുംബയൂണിറ്റിന്റെ വാർഷികാഘോഷവും തെരെഞ്ഞെടുപ്പും2 7.08.2011ശ നിയാഴ്ചഷ മ്മി ജോൺ അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തി. കത്തീ ഡ്രൽ ട്രസ്റ്റി പി.പി. തങ്കച്ചൻ, കൗൺസിലർ കെ.വി. സാജു എന്നിവർ പ്രസംഗിച്ചു. വാർഷികത്തോടനു ബന്ധിച്ച് വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.
ഈ യൂണിറ്റിൽ നിന്ന് എസ്.എസ്.എൽ.സി. പരീ ക്ഷയ്ക്ക്ഏ റ്റവുംക ൂടുതൽമ ാർക്കുവ ാങ്ങിയ ബെയ്സി ജോണി കുറുങ്ങാട്ടിന് ട്രോഫിയും

## മോർ കൂറിലോസ് യൂണിറ്റിന്റെ പുതിയ ഭാരവാഹികൾ

| | |
|---|---|
| ജ. സെക്രട്ടറി | : ശ്രീമതി ലീല കുര്യാച്ചൻ |
| ജോ. സെക്രട്ടറി | : ശ്രീ. എം.വി. വർഗീസ് |
| ഖജാൻജി | : ശ്രീ. എം.ജെ. അബ്രാഹം |
| യൂത്ത് സെക്രട്ടറി | : ശ്രീ. ബിനു എം.പി. |
| കുട്ടികളുടെ സെക്രട്ടറി | : സൂസൻ ബാബു |
| ആഡിറ്റർ | : ശ്രീ. ജോണി വർഗീസ് |

## ബെത്സൈദ യൂണിറ്റിന്റെ പുതിയ ഭാരവാഹികൾ

| | |
|---|---|
| ജ. സെക്രട്ടറി | : ശ്രീ. എം.പി. മാത്യു, മഴുവന്നൂപറമ്പിൽ |
| വനിതാ സെക്രട്ടറി | : ശ്രീമതി ആനി പൗലോസ്, ഞാലിപ്ലാക്കിൽ |
| യൂത്ത് സെക്രട്ടറി | : ശ്രീ. അഭിലാഷ് ബിനോയ്, പുതിശ്ശേരി |
| കുട്ടികളുടെ സെക്രട്ടറി | : മാ. ആൽവിൻ രാജൻ, അമ്പാട്ടു-പുത്തൻപുരയിൽ |
| ആഡിറ്റർ | : ശ്രീ. ജോണി വി. കുര്യൻ, വെളിയത്തുകുഴി |

## ഓണാഘോഷം

മർത്തമറിയം വനിതാസമാജവും മോർ കൂറിലോസ് യൂണിറ്റംഗങ്ങളും സഹകരിച്ച തബീഥായിലെ സഹോദരങ്ങൾക്കൊപ്പം ഓണമാഘോഷിച്ചു. അംഗങ്ങളെല്ലാം ചേർന്ന് മാവേലിയായി വേഷം കെട്ടിയ ചാക്കോച്ചേട്ടനെഎതിരേറ്റു. വിവിധ കലാ പരിപാടികളിലും ഓണസദ്യയിലും എല്ലാവരും ഉത്സാഹത്തോടെ പങ്കെടുത്തു.

## അറിയിപ്പ്

പള്ളിയുടെ പടിഞ്ഞാറു വശത്തേക്ക് നിലവിലുള്ള കൽകുരിശ് നീക്കി സ്ഥാപിക്കുന്നതിനും പടിഞ്ഞാറ് വശത്ത് മതിൽ പണിയുന്നതിനും 18.09.2011 ൽ പൊതു യോഗം തീരുമാനിച്ചു.

## ഇടവക കലണ്ടർ (നവംബർ 2011) (കുടുംബ യൂണിറ്റ്)

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 30 | 31 | | | | | 1 |
| 2<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | 3<br>സെന്റ് മേരീസ് | 4<br>• മോർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | 5<br>ധ്യാനയോഗം<br>10 മുതൽ 12.30 | 6 | 7 | 8<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| 9<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | 10 | 11<br>ഇസ്രായേൽ | 12<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• മാർബർസൗമ്മാ | 13 | 14 | 15<br>• ബഥാനിയ<br>• മാർ സ്തേഫാനോസ് |
| 16<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | 17<br>• സെന്റ് അപ്രേം | 18<br>• സെന്റ് ഇഗ്നാത്തിയോസ് | 19<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• സെന്റ് ജോൺസ് | 20 | 21 | 22<br>• ബെത്സെദ |
| 23<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | 24<br>• മോർ പോളിക്കാർപ്പസ് | 25<br>• മാർ ഗ്രിഗോറിയോസ് | 26<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• സെന്റ് പീറ്റേഴ്സ് | 27 | 28 | 29 |

## അനുശോചനയോഗം നടത്തി

കക്കാട് മഠത്തിപ്പറമ്പിൽ സാബുവിന്റെ മകൾ സാന്ദ്രയുടെ അകാല വിയോഗത്തിൽ അനുശോചനമർപ്പിച്ച് കക്കാട് സെന്റ് ജോർജ്ജ് ചാപ്പലിലെ വിവിധ ഭക്തസംഘടനകൾ അനുസ്മരണ പ്രാർത്ഥനായോഗം നടത്തി. സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ അനുശോചനറാലി സംഘടിപ്പിച്ചതിൽ മാമല പ്രദേശത്തെ ആബാലവൃദ്ധം ജനങ്ങളും പങ്കുചേർന്നു. സാന്ദ്രയുടെ സ്മരണാർത്ഥം സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു.

## ഭവനനിർമ്മാണം പുരോഗമിക്കുന്നു

സ്നേഹം അങ്ങോട്ടു നല്കലാണ് എന്നു പഠിപ്പിച്ച യേശുനാഥന്റെ ആണിപ്പാടുകളിൽ ഉറ്റുനോക്കി നമുക്ക് നിർദ്ധനരെ സഹായിക്കാം.

ഭവനനിർമ്മാണ പദ്ധതി പുരോഗതിയുടെ പാതയിലാണ്. നിങ്ങളുടെ ഓരോരുത്തരുടേയും ഹൃദയം നിറഞ്ഞ് നല്കുന്ന സംഭാവനകൾ ആണ് ഇനി ഇതിന്റെ പൂർണ്ണത നിർണ്ണയിക്കുക.

ഈ സംരഭത്തെ പൂർണമായും ഉൾക്കൊള്ളുക.

യൂത്ത് അസോസിയേഷൻ സെക്രട്ടറി



## ചുമതല നൽകി

'അന്ത്യോഖ്യാ വിശ്വാസ സംരക്ഷകൻ' മാസികയുടെ കരിങ്ങാച്ചിറ കത്തീഡ്രലിലെ ഓർഗനൈസറായി ശ്രീ. വിജു കെ. അവരാച്ചനെ ചുമതലപ്പെടുത്തി.

## പ്രത്യേക അറിയിപ്പ്

**കത്തീഡ്രലിലെ ഇടവക സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട മത്സരങ്ങളുടെ അടിസ്ഥാനത്തിൽ നല്ല കുടുംബയൂണിറ്റുകളെ തിരഞ്ഞെടുത്തതിൽ വന്ന അപാകതകൾ പുനഃപരിശോധനയിൽ പരിഹരിക്കപ്പെട്ടു. ആയത് താഴെ പറയും പ്രകാരമാണ്.**

| | മുൻപ് ലഭിച്ചത് | ഇപ്പോൾ ലഭിച്ചത് |
|---|---|---|
| മോർ കുര്യാക്കോസ് യൂണിറ്റ് | 66.8 | 72.5 |
| സെന്റ് ജേക്കബ് | 70.2 | 77.5 |

റാങ്കിംഗിൽ വന്ന വ്യത്യാസം

1. സെന്റ് അപ്രേം യൂണിറ്റ്
2. സെന്റ് ജേക്കബ് യൂണിറ്റ്
3. മോർ കൂറിലോസ് യൂണിറ്റ്

# വിഞ്ജാനകൗതുകം

ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ

1. "അനുസരിയ്ക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിയ്ക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്" ആരുടെ ഉപദേശമാണിത്?

   a. ദാവീദ് b. മോശ c. ശമുവേൽ

2. താഴെ കൊടുത്തിരിക്കുന്നതിൽ രാജാവല്ലാതിരുന്ന വ്യക്തി ആര്?

   a. മൽക്കിസദേക്ക് b. ശിംശോൻ c. യഹോശാഫാത്ത്

3. അഹറോന്റെ പിൻഗാമിയായി നിയമിയ്ക്കപ്പെട്ടത് ആര്?

   a. ഏലെയാസർ b. ഏലിയാസ് c. യോശുവ

4. മറിയം ദൈവമാതാവെന്ന് സംശയം കൂടാതെ പ്രസംഗിച്ച പിതാവ്?

   a. മോർ സേവേറിയോസ് b. മോർ കൂറിലോസ് c. മോർ ഗ്രീഗോറിയോസ്

5. 'കൗമാ' ഈ വാക്കിന്റെ അർത്ഥമെന്ത്?

   a. പ്രാർത്ഥന b. നിൽപ്പ് c. സംരക്ഷണം

6. "എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിയ്ക്കായി അവർ ചീട്ടിട്ടു..." കർത്താവിന്റെ ക്രൂശാരോഹണസമയത്ത് നടന്ന ഈ സംഭവം ഏത് പ്രവാചകനാണ് മുൻകൂട്ടി പ്രവചിച്ചത്?

   a. യെശയ്യാവ് b. സെഖര്യാവ് c. ദാവീദ്

7. 'പരിശുദ്ധാത്മാവിന്റെ കൂദാശ' എന്നറിയപ്പെടുന്ന കൂദാശ ഏത്?

   a. വി. മാമൂദീസ b. വി. മൂറോൻ c. വി. പട്ടത്വം

8. "അവൻ ദെക്കിലാ വൃക്ഷം പോലെ തളിർക്കും ലബാനോനിലെ ദേവദാരു പോലെ വളരും" ആര്?

   a. ദൈവഭക്തർ b. ഹൃദയശുദ്ധിയുള്ളവൻ c. നീതിമാൻ

9. ഞായറാഴ്ച പൊതു ഒഴിവുദിവസമായി പ്രഖ്യാപിച്ചത് ആര്?

   a. കുസ്തന്തീനോസ് ചക്രവർത്തി b. ഹെലെനി രാജ്ഞി c. തേവോദോസ്യോസ് രാജാവ്

സെപ്തംബർ മാസം ശരിയുത്തരം അയച്ചവർ 11. വിജയി എൻ.എം. ബേബി, ഞാൽപ്ലാക്കിൽ, നസ്രേത്ത് കുടുംബയൂണിറ്റ്. കഴിഞ്ഞലക്കത്തിലെ ശരിയുത്തരം: 1 (a), 2 (b), 3 (c), 4 (c), 5 (b), 6 (a), 7 (c), 8 (a), 9 b)

*ഇവിടെ മുറിക്കുക*

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1. | A ☐ | B ☐ | C ☐ | 2. | A ☐ | B ☐ | C ☐ | 3. | A ☐ | B ☐ | C ☐ |
| 4. | A ☐ | B ☐ | C ☐ | 5. | A ☐ | B ☐ | C ☐ | 6. | A ☐ | B ☐ | C ☐ |
| 7. | A ☐ | B ☐ | C ☐ | 8. | A ☐ | B ☐ | C ☐ | 9. | A ☐ | B ☐ | C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.10.2011.

പേര് ..........................................................

വിലാസം ..........................................................

..........................................................

..........................................................

ഫോൺ ..........................................................

കുടുംബയൂണീറ്റ് ..........................................................

## 11–ാം ചരമവാർഷികം (27.10.2011)






**പി.ഐ. ഇട്ടൻ**

പാലത്തിങ്കൽ

*സന്തപ്തകുടുംബാംഗങ്ങൾ*

## 15–ാം ചരമവാർഷികം (05.10.2011)





**അന്നമ്മ പൈലി**

മഴുവന്നൂപറമ്പിൽ, അമ്പലമേട്

സന്തപ്തകുടുംബാംഗങ്ങൾ

## നിര്യാതനായി (25.09.2011)





**മാലായിൽ മത്തായി**

യൂത്ത് അസോസിയേഷന്റെ ആദരാഞ്ജലികൾ

## ചരമം

1. ചോറ്റാനിക്കര ഐക്യരവേലിൽ ചിന്നമ്മ 87 വയസ്സ് 4.09.2011 ൽ കർത്താവിൽ നിദ്രപ്രാപിച്ചു.
2. എരൂർ മുല്ലപ്പിള്ളിൽ അന്നം 60 വയസ്സ് 17.09.2011 ൽ കർത്താവിൽ നിദ്രപ്രാപിച്ചു.
3. മാമല മടത്തിപറമ്പിൽ സാന്ദ്ര 12 വയസ്സ് 24.09.2011 ൽ കർത്താവിൽ നിദ്രപ്രാപിച്ചു.
4. തിരുവാങ്കുളം മാലായിൽ മത്തായി 76 വയസ്സ് 25.09.2011 ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

No one connects Kerala as we do

**connectingmalayali.com**

malayali's own portal

# മലയാളികൾ സ്മാർട്ടാകുന്നു

## connectingmalayali.com ലൂടെ

മലയാളികൾക്കാവശ്യമുള്ള വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കിക്കൊണ്ട് മലയാളികളുടെ നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമാകാൻ കേരളത്തിലുടനീളം നൂറിലധികം സെന്ററുകളുമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**മാട്രിമോണി, റിയൽ എസ്റ്റേറ്റ്, വെഹിക്കിൾ സെയിൽ, ബിസിനസ് ഡയറക്ടറി, എംപ്ലോയിമെന്റ്, എഡ്യൂക്കേഷൻ etc**


ഈ സേവനങ്ങൾ ലഭ്യമാകുന്നതിന് ഏറ്റവും അടുത്തുള്ള CM സെന്ററുമായി ബന്ധപ്പെടുക

**CM Centre, Tripunithura**

Mukkadakkal bldg, Hillpalace Road, Kollanpady, Irimpanam P.O.
Ph: 0484 3129261, Mob: 9446415941 (sms for free registration)
Email: customercare56678a@gmail.com


**ഇപ്പോൾ ഫ്രീ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്**

## വിവാഹിതരായി (25.8.2011)




**എൽദോ & സിമ്മി**
കുറുങ്ങാട്ട്, കരിങ്ങാച്ചിറ

## വിവാഹിതരായി (1.9.2011)



**ഷൈജു & അനില**
കണിച്ചാട്ടുകുഴി, ആരക്കുന്നം

ആശംസകളോടെ: സെന്റ് ജോർജ്ജ് യൂത്ത് അസോസിയേഷൻ



9447216171 : 9387536171
PHOTOGRAPHY:VIDEOGRAPHY:ADVERTISING
Opp. PANCHAYATH BUS STOP. THIRUVANKULAM

Chief Editor: Varghese Raju Mob: 9895080955, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoices@gmail.com
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356